**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3186** **07-10-2025 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പ് മുഖേനയുള്ള മട്ടന്നൂർ മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ? | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| | മാല്ലൂർ ജി .എച്ച് .എസ്.എസിലെ ഗ്രൗണ്ട് ഡെവലപ്‌മെന്റ് പ്രവൃത്തികൾ | 15.00 ലക്ഷം | 18.01.2022 തീയ്യതിയിലെ സ.ഉ പ്രകാരം 15.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ടി പദ്ധതിക്ക് 14.08 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. മുഹമ്മദ് ഷമീർ എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പ്രവൃത്തിയിൽ ഗ്രൗണ്ട് ഡെവലപ്‌മെൻറ്, ഡ്രെയിനേജ്, ഗേറ്റ്, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ ഡ്രെയിനേജ്, ഗേറ്റ്, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025 ഡിസംബർ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 2 | ജി .എച്ച്.എസ്.എസ് ചിറ്റാരിപ്പറമ്പിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ - ഓപ്പൺ ജിം ഉപകരണങ്ങളുടെ വിതരണവും, സ്ഥാപിക്കലും | 15.00 ലക്ഷം | 18.01.2022 തീയ്യതിയിലെ സ.ഉ പ്രകാരം 15.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ടി പദ്ധതിക്ക് 11.01.2024 തീയ്യതിയിൽ 12.65 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും 13.01.2024 തീയ്യതിയിൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാതിരുന്നതിനാൽ 12.02.2024 തീയ്യതിയിൽ റീ ടെണ്ടർ ചെയ്യുകയും കരാറുകാരെ ലഭിക്കുകയും, 07.12.2024 തീയ്യതിയിൽ ടി കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കരാറുകാരൻ പ്രവൃത്തി നടപ്പാക്കാത്ത സാഹചര്യത്തിൽ 24.12.2024, 09.01.2025, 24.01.2025, 19.05.2025 & 30.07.2025 എന്നീ തീയ്യതികളിലായി റീ ടെണ്ടർ ക്ഷണിക്കുകയും 30.07.2025 തീയ്യതിയിലെ ടെണ്ടർ ക്ഷണിക്കുകയും 16.08.2025 തീയ്യതിയിൽ ടെക്ക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും ചെയ്തു. 09.09.2025 തീയ്യതിയിൽ ടി പ്രവൃത്തിയുടെ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യുകയും കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | കുടാളി | 100.00 | 2025-26 ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രസ്തുത |

| | | | |
|---|---|---|---|
| | ഗ്രാമപഞ്ചായത്തി ലെ ബാഡ്മിൻറൺ കോർട്ട് & റൂഫ് ട്രസ്സ് എന്നിവയുടെ നിർമ്മാണം | ലക്ഷം | പദ്ധതിയുടെ എസ്റ്റിമേറ്റ് കായിക യുവജന കാര്യലയത്തിൽ പരിശോധിച്ച് വരുന്നു. |
| 4 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി - പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തി ലെ കായിക അടിസ്ഥാന സൗകര്യ വികസനം | 100.00 ലക്ഷം | പ്രസ്തുത പദ്ധതിക്കായി ബഹു. എം.എൽ.എ ഫണ്ട് വിഹിതം അനുവദിച്ച് കൊണ്ട് കണ്ണൂർ ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിച്ചിരുന്നു. 22.09.2025 തീയ്യതിയിലെ കായിക യുവജനകാര്യാലയം ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും ലഭിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 5 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി - ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് | | 30.08.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ രണ്ടാംഘട്ട ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. എം.എൽ.എ ഫണ്ട് അനുവദിച്ച് കൊണ്ടുള്ള ബഹു. എം.എൽ.എയുടെ കത്ത് ലഭിച്ച ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| 6 | പടിയൂർ ഇൻഡോർ സ്റ്റേഡിയം (കിഫ്ബി പദ്ധതി) | | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 146/2018/കാ.യു.വ തീയ്യതി. 19.07.2018 ൽ ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി M/s. കിറ്റ്കോ ആയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ നിർമ്മാണത്തിൽ പുരോഗതി ഇല്ലാത്തതിനാൽ 26.04.2025 തീയ്യതിയിലെ സ.ഉ നം. 108/2025/കാ.യു.വ പ്രകാരം ടി പ്രവൃത്തിയുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് ലഭിക്കുന്നതിനായി 04.06.2025 തീയ്യതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ, കായിക യുവജനകാര്യാലയം, കിറ്റ്കോ ഉദ്യോഗസ്ഥർ എന്നിവരുമായി സൈറ്റ് വിസിറ്റ് നടത്തിയെങ്കിലും സൈറ്റ് ഹാൻഡിംഗ് ഓവറിന് ആവശ്യമായ രേഖകൾ ഒന്നും തന്നെ കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകിയിരുന്നില്ല. സൈറ്റ് ഹാൻഡിംഗ് ഓവർ ഡോക്യുമെൻറ്സും, കിറ്റ്കോ മുഖാന്തിരം പൂർത്തീകരിച്ച പ്രവൃത്തികളുടെ ഡ്രോയിംഗ്സും ലഭ്യമാക്കുന്നതിനായി കിറ്റ്കോയോട് നിരന്തരം ആവശ്യപ്പെട്ടിരുന്നെങ്കിലും ടി ഡോക്യുമെൻറുകൾ ലഭിച്ചിരുന്നില്ല. 22.06.2025 തീയ്യതിയിൽ |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ നിന്നും ടി പ്രവൃത്തിയുടെ ഡ്രോയിംഗ്സ് (Architectural & Structural) ലഭിച്ചിരുന്നു. തുടർന്ന് 03.07.2025 തീയ്യതിയിൽ കിറ്റ്കോയും, സ്പോർട്സ് കേരള ഫൗണ്ടേഷനുമായി ജോയിൻറ് സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി എസ്റ്റിമേറ്റുകൾ ഒക്ടോബർ മാസം 15-ാം തീയ്യതിക്കുള്ളിൽ കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| 7 | മട്ടന്നൂർ നീന്തൽക്കുളം (കിഫ്ബി പദ്ധതി) | 24.10 കോടി | ടി പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി 07.10.2024 തീയ്യതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ